18.08.2023 (5)

I/5837566/2023

UNIVERSITY OF CALICUT
6996
17 AUG 2023
P.O. CALICUT UNIVERSITY

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

നം. ഡി2/165/2022/ഉ.വി. വ. 11-08-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള സർവകലാശാല

രജിസ്ട്രാർ, എം.ജി. സർവകലാശാല

രജിസ്ട്രാർ, കാലിക്കറ്റ് സർവകലാശാല

രജിസ്ട്രാർ, കണ്ണൂർ സർവകലാശാല

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.ടി.ഇ സ്കീമിന് കീഴിൽ വരുന്ന അദ്ധ്യാപകരുടെ മുൻകാല ശമ്പളം സംരക്ഷിക്കുന്നത് -സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നത്- സംബന്ധിച്ച്

REGISTRAR

മേൽ വിഷയത്തിലേയ്ക്കു് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2010, 2018 യു.ജി.സി റെഗുലേഷനുകളിൽ നേരിട്ടുള്ള നിയമനത്തിനും CAS പ്രൊമോഷനും മുൻകാല സേവനം കണക്കാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ യു.ജി.സി റെഗുലേഷനുകളിലോ ആയവ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച [27/03/2010-ലെ ജി.ഒ(പി)നം. 58/2010/ഉവിവ, 29/06/2019 തീയതിയിലെ GO(P).18/2019/HEDN] സർക്കാർ ഉത്തരവുകളിലോ മുൻകാല സേവനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച പരാമർശമില്ല. മാത്രമല്ല പ്രസ്തുത സർക്കാർ ഉത്തരവുകളിൽ മുൻകാല സേവനം പരിഗണിക്കുന്നത് സംബന്ധിച്ച ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.ടി.ഇ സ്കീമിന് കീഴിൽ വരുന്ന അധ്യാപകർക്ക്, ഒരു തസ്തികയിൽ ജോലി ചെയ്യുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ/ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയില്ലായെന്ന് ബഹു. ധനകാര്യവകുപ്പു മന്ത്രി തലത്തിൽ Edn-C2/113/2020-Fin(E-51461503) നമ്പർ ഫയലിൽ ഉത്തരവായിട്ടുള്ളതാണ്. യു.ജി.സി റഗുലേഷൻ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പരിഷ്കരിക്കണമെന്ന് യൂണിവേഴ്സിറ്റികൾക്ക് യഥാസമയം നിർദ്ദേശം നൽകാറുണ്ടെങ്കിലും അപ്രകാരം ചെയ്യാത്തതാണ് ഒഴിവാക്കേണ്ട പല വ്യവസ്ഥകളും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകളിൽ ഇപ്പോഴും നിലനിൽക്കുന്നതിനുള്ള കാരണം. മുൻകാല സേവനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച പരാമർശം യു.ജി.സി. റെഗുലേഷനുകളിലോ ആയത് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളിലോ ഇല്ലാത്ത സാഹചര്യത്തിലും ശമ്പള സംരക്ഷണം അനുവദിക്കുന്ന പക്ഷം ഈ ഇനത്തിൽ സർക്കാരിന് അധിക

സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകൾ ഫയൽ ചെയ്തുവരുന്നതിനാലും ഒരു തസ്തികയിൽ ജോലി ചെയ്തുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ച് നൽകുന്നതിന് അനുവാദം നൽകുന്ന സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഒഴിവാക്കിക്കൊണ്ട് സർവകലാശാല സ്റ്റാറ്റ്യൂട്ടുകൾ മൂന്ന് മാസങ്ങൾക്കകം പരിഷ്ക്കരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ബിജിമോൾ കെ ചാക്കോ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Suryasree S
Date: 11-08-2023 14:03:20
സെക്ഷൻ ഓഫീസർ.

പകർപ്പ് :
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് ( മേൽ വിവരിച്ച പ്രകാരം സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിന് തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനുമായി)